ഉത്തരം

തൃശ്ശൂർ, കുറ്റിപ്പുറം പി.ഡബ്ല്യു.ഡി. റോഡിലെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചത് കെ.എസ്.ടി.പി. ആണ്. അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിക്കുന്നതാണ്. വീതി കൂട്ടി ഡിവൈഡർ സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

കാസർകോഡ് നിയോജക മണ്ഡലത്തിലെ റോഡുകൾ

288(3175) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോഡ് നിയോജക മണ്ഡലത്തിൽ എത്ര പുതിയ റോഡുകൾ അനുവദിച്ചിട്ടുണ്ട് ; റോഡുകളുടെ പേരും അനുവദിച്ച ഫണ്ടും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ആരംഭിച്ചു എന്നും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെങ്കിൽ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ ;

(സി) അനുവദിച്ച റോഡുകളുടെ പണി ആരംഭിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ; വീഴ്ച വരുത്തിയവർക്കെതിരെ എന്തുനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് നിയോജകമണ്ഡലത്തിൽ അനുവദിച്ച പുതിയ റോഡുകളുടെ പേരും അനുവദിച്ച തുകയും പ്രവൃത്തികളുടെ അവസ്ഥയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത ചെർക്കളപാടി എതിർത്തോട് റോഡ് കി.മീ.0/000 മുതൽ 5/200 വരെ (200 ലക്ഷം) പ്രവൃത്തി റിസ്ക് & കോസ്റ്റ് ആയി എഗ്രിമെന്റ് ടെർമിനേറ്റ് ചെയ്യാൻ ഉള്ള നടപടികൾ കോഴിക്കോട് നിരത്തുകളും പാലങ്ങളും വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ചുവരുന്നു. ആയതിന് ഡിപ്പാർട്ട്മെന്റ് തലത്തിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല.

കൊയിലാണ്ടി നിയമസഭ സാമാജികനിൽനിന്ന് ലഭിച്ച നിവേദനങ്ങൾ

289(3176) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly